"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് – തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്ക് - പ്രവർത്തന നടത്തിപ്പ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1342/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/07/2020

---

പരാമർശം:- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06/05/2020 ലെ ഡി.പി.ടി/B2/4750/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്ക് 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന സമ്മർ വെക്കേഷൻ ക്യാമ്പുകൾ, കോവിഡ് 19 മൂലം നടത്താൻ സാധിച്ചില്ല. കൂടാതെ ഫെബ്രുവരി മുതൽ സയൻസ് പാർക്കിലേയ്ക്കുള്ള പ്രവേശനം പൂർണ്ണമായി നിർത്തി വെച്ചിരിക്കുകയാണ്. ടി സ്ഥാപനത്തിന്റെ മുഴുവൻ ചെലവുകളും അവിടുത്തെ വരുമാനത്തിൽ നിന്നും തന്നെയാണ് നിർവ്വഹിച്ചുവന്നിരുന്നത്. നിലവിലെ സാഹചര്യത്തിൽ ടി സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്ന ക്ലർക്ക് കം ടൈപ്പിസ്റ്റ്, ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി സ്റ്റാഫ് എന്നിവർക്ക് ശമ്പളം നൽകുന്നതിന് വിജ്ഞാൻ സാഗറിന്റെ സ്വന്തം ഫണ്ട് ലഭ്യമല്ലാത്തിനാൽ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ഇപ്പോൾ നൽകുന്നതിനും, പിന്നീട് ടി പാർക്കിന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി തുക ജില്ലാ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കുന്നതിനുമുള്ള അനുമതിക്കായി പരാമർശ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്കിന്റെ പ്രവർത്തന ചെലവുകൾക്കായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക,, വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്കിന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ജില്ലാ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കണം എന്ന വ്യവസ്ഥയോടെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ